# ഫെബ്രുവരി 4 ന് ഡോക്ടർമാർ സംസ്ഥാന വ്യാപകമായി പണിമുടക്കുന്നു



സാമൂഹിക വിരുദ്ധരുടെ ആക്രമണത്തിനു വിധേയമായി തീവ്രപരിചരണ വിഭാഗത്തിൽ പ്രവേശിപ്പിക്കപ്പെട്ട കോതമംഗലം മാർ ബസേലിയോസ് ആശുപത്രിയിലെ ന്യൂറോ സർജ്ജൻ ഡോ. അജയകുമാർ.

കേരളത്തിലെ വൈദ്യശാസ്ത്രരംഗം ഏറെ വെല്ലുവിളികളും പരീക്ഷണങ്ങളും നേരിടുന്ന കാലമാണല്ലോ ഇത്. ഡോക്ടർമാർക്ക് സമാധാനപരമായി തൊഴിൽ ചെയ്യാൻ സാധിക്കാത്ത വിധം കയ്യേറ്റങ്ങളും ഭീഷണികളും ഈയിടെയായി വർദ്ധിച്ചുകൊണ്ടിരിക്കുന്നു.

ജനുവരി 31–ാം തീയതി റോഡപകടത്തെത്തുടർന്ന് ഗുരുതരാവസ്ഥയിൽ കോതമംഗലം മാർ ബസേലിയോസ് ആശുപത്രിയിൽ പ്രവേശിപ്പിക്കപ്പെട്ട രോഗിയെ ശുശ്രൂഷിച്ച ന്യൂറോ സർജ്ജൻ ഡോ. അജയകുമാറിനേയും സ്റ്റാഫംഗങ്ങളേയും ഒരു സംഘം സാമൂഹിക വിരുദ്ധർ ആക്രമിച്ച് അവശരാക്കി. ഇടതുചെവിയുടെ കേൾവി നശിച്ചും നട്ടെല്ലിനും നെഞ്ചിനും ഗുരുതരമായി പരിക്കേൽക്കുകയും ചെയ്ത ഡോക്ടർ ഇപ്പോൾ തീവ്രപരിചരണത്തിലാണ്. കൂടുതൽ വിദഗ്ദ്ധ ചികിത്സയ്ക്കായി രോഗിയെ റഫർ ചെയ്തതാണ് ഇവിടെ ഡോക്ടർ ചെയ്ത കുറ്റം.

ജനുവരി 25–ാം തീയതി അടൂർ ഗവ. ആശുപത്രിയിലെ ഡ്യൂട്ടി ഡോക്ടറെ ഭീഷണിപ്പെടുത്തുകയും ഡ്യൂട്ടി റൂമിൽ പൂട്ടിയിടുകയും നിയമങ്ങൾ കാറ്റിൽപ്പറത്തിക്കൊണ്ട് വൈകുന്നേരം 6 മണിക്കു ശേഷം പോസ്റ്റുമോർട്ടം ചെയ്യിക്കുകയുണ്ടായി. ഡോക്ടർമാർക്കുനേരെ വർദ്ധിച്ചുവരുന്ന ഇത്തരം സംഭവങ്ങളിൽ ഐ.എം.എ ശക്തമായി പ്രതിഷേധിക്കുന്നു. അന്യസംസ്ഥാനങ്ങളിൽ നടപ്പിലാക്കപ്പെട്ടതും, കേരളത്തിൽ നടപ്പിലാക്കേണ്ടതുമായ ആശുപത്രി സംരക്ഷണ നിയമത്തിന്റെ ആവശ്യകതയിലേക്ക് ഇത്തരം സംഭവങ്ങൾ വിരൽ ചൂണ്ടുന്നു. കുറ്റവാളികൾക്ക് മാതൃകാപരമായ ശിക്ഷ ഉറപ്പാക്കുന്ന പ്രസ്തുത നിയമം നടപ്പാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് ഫെബ്രുവരി 4–ാം തീയതി രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെ ഒ.പി. വിഭാഗവും പ്രൈവറ്റ് പ്രാക്ടീസും ഉപേക്ഷിച്ച് പ്രതിഷേധ ദിനമായി ആചരിക്കുവാൻ ഐ.എം.എയുടെ സംസ്ഥാന ഘടകം തീരുമാനിച്ചിരിക്കുന്നു. പ്രസ്തുത നിയമം കഴിവതും വേഗം പ്രാബല്യത്തിൽ വരുത്തുകയും കുറ്റവാളികൾക്കെതിരെ ശിക്ഷണനടപടികൾ സ്വീകരിച്ച് ഡോക്ടർമാരെ പ്രത്യക്ഷ സമര പരിപാടികളിലേക്ക് തള്ളിവിടാതിരിക്കുവാൻ സർക്കാർ നടപടികളെടുക്കണമെന്ന് ഐ.എം.എ. സംസ്ഥാന ഘടകം ശക്തമായി ആവശ്യപ്പെടുന്നു.

- **ചികിത്സാകേന്ദ്രങ്ങളെ ആക്രമണ വിമുക്തമാക്കുക.**
- **ചികിത്സകർക്കും ചികിത്സാ സ്ഥാപനങ്ങൾക്കും രോഗികൾക്കും സംരക്ഷണം നൽകുന്ന നിയമം നടപ്പിലാക്കുക.**
- **ഈ സമരം ജനങ്ങൾക്കുവേണ്ടിയുള്ളതാണ്.**

**ഡോ. ആർ. രമേഷ്**
**സംസ്ഥാന പ്രസിഡന്റ്, ഐ.എം.എ.**
**ഡോ. ജെ. രാജഗോപാലൻ നായർ**
**സംസ്ഥാന സെക്രട്ടറി, ഐ.എം.എ.**

PRESS RELEASE FROM 3RD PAGE OF MALAYALA MANORAMA NEWS PAPER ON 03-02-09 - COLLECTED BY DR. JIMMY